പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1556 — 06.03.2017-ൽ മറുപടിയ്ക്ക്

## ഇരിമ്പിളിയം പഞ്ചായത്തിലെ കൃഷിക്ക് വെള്ളം ലഭ്യമാക്കാൻ നടപടി

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ പുറമണ്ണൂർ പ്രദേശത്ത് നൂറ്റമ്പത് ഏക്കറോളം സ്ഥലത്ത് കൃഷിക്ക് ലഭിച്ചുകൊണ്ടിരുന്ന വെള്ളം ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | ഇരിമ്പിളിയം പഞ്ചായത്തിലെ പുറമണ്ണൂർ പ്രദേശത്ത് ആവശ്യത്തിന് വെള്ളം നൽകിയിരുന്ന പമ്പ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായിട്ടില്ല. |
| (ബി) | മേല്പറഞ്ഞ സ്ഥലത്ത് ആവശ്യത്തിന് വെള്ളം നൽകിയിരുന്ന പമ്പ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെട്ട് പഞ്ചായത്ത് അധികൃതർ നൽകിയിരുന്ന നിവേദനം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള അനുവാദം പഞ്ചായത്തിന് നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ